"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E8-39687/2012. തീയതി: 07.12.2013

---

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച് വിശേഷാൽ ചട്ടങ്ങൾക്ക് വിരുദ്ധമായി ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III തസ്തിയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പ്രസ്തുത തസ്തികയിലെ സേവനം അവസാനിപ്പിച്ചു കൊണ്ട് പ്രസ്തുത ജീവനക്കാർക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നൽകി, ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ജൂനിയറായ 7 ജീവനക്കാരെ പ്രസ്തുത തസ്തികയിൽ നിന്ന് റിവർട്ട് ചെയ്ത് യു.ഡി.ക്ലാർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1969/2012ൻമേൽ 26.09.2013ൽ പുറപ്പെടുവിച്ച വിധി ന്യായം ഭാഗികമായി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. G.O(P)No.54/2010/ സാ.ക്ഷേ.വ തീയതി: 10.8.2010.
2. G.O(P)No.78/2012/ സാ.നീ.വ തീയതി: 27.12.2012.
3. സാമൂഹ്യക്ഷേമ ഡയറക്ടർ പുറപ്പെടുവിച്ച 2.8.2011ലെ E7-42016/2010 നം. നടപടിക്രമങ്ങൾ.
4. സാമൂഹ്യക്ഷേമ ഡയറക്ടർ പുറപ്പെടുവിച്ച 29.6.2012ലെ E7-20341/2012 നം. നടപടിക്രമങ്ങൾ.
5. സാമൂഹ്യനീതി ഡയറക്ടറുടെ 12.12.2012ലെ E7-39000/2012 നം. നടപടിക്രമങ്ങൾ.
6. ശ്രീ.ചന്ദ്രൻ കന്നാലിയിൽ മുതൽ പേർ ഫയൽ ചെയ്ത OA No.(EKM)4/2013ൻ മേൽ ബഹു.അഡ്മിനിട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 19.2.2013ലെ ഉത്തരവ്.
7. G.O(Rt)No.474/2013 SJD Dtd: 20.9.2013
8. 27.7.2013-ലെ 13506/A1/2012 / സാ.നീ.വ നം. കത്ത്.
9. സാമൂഹ്യനീതി ഡയറക്ടർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.2277/2012ൻമേൽ പുറപ്പെടുവിച്ച 30.10.2013ലെ വിധിന്യായം
10. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.1969/2012ൻമേൽ പുറപ്പെടുവിച്ച 26.09.2013ലെ വിധിന്യായം.
11. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 6.12.2013ലെ ഇ7-312/2013 നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അജിത്കുമാർ.റ്റി മുതൽ പേർ ചേർന്ന് ഫയൽ ചെയ്ത OA No.1969/2012-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (9) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ പരാമർശം (1) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുള്ള റേഷ്യോ പ്രകാരം ഉദ്യോഗക്കയറ്റം നൽകണമെന്നും ഏതെങ്കിലും ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ

റേഷ്യോ മറികടന്ന് നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് റിവർഷൻ മുഖേന ക്രമീകരിച്ച് അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകണമെന്നും ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പ്രസക്തഭാഗം താഴെചേർക്കുന്നു.

"We considered the rival contentions made at the Bar, went through the pleadings and materials on record. We think that the direction issued by the "Government to the Director to review the promotion made to the post of Inspector Child Welfare / Superintendent Welfare Institution Grade III will redress the grievance of the applicants while the review is undertaken, the second respondent shall ensure that the promotions are made strictly in accordance with the ratio prescribed in the Special Rules. It means, excess promotees, from any stream shall be reverted and the dearth in the quota for other streams shall be filled up by qualified hands available in the respective streams."

2. പരാമർശം (6) ലെ സർക്കാർ കത്തിൽ 10.8.2010ൽ നിലവിൽ വന്ന വിശേഷാൽ ചട്ടങ്ങൾക്കെതിരായി ടി തീയതിക്കു ശേഷം വകുപ്പിൽ നടത്തപ്പെട്ട ഉദ്യോഗക്കയറ്റങ്ങൾ / പുന:ക്രമീകരണങ്ങളെക്കുറിച്ച് സർക്കാർ സ്പഷ്ടീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

"(i) വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയും ഹെഡ് അക്കൗണ്ടന്റ് തസ്തികയും ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ പ്രകാരം പരസ്പരം മാറാവുന്നവയല്ലാത്തതിനാൽ 10.8.2010 തീയതിയിൽ ടി തസ്തികയിലുണ്ടായിരുന്ന ജീവനക്കാരെ അതാത് തസ്തികകളിൽ നിലനിർത്തിക്കൊണ്ട് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ഓരോ തസ്തികയിലേയ്ക്കും ടി തീയതി വെച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പിന്നീട് ഉണ്ടായ ഒഴിവുകളിലേയ്ക്ക് കേഡർ സ്ട്രെങ്ത്തിൽ ഫീഡർ കാറ്റഗറികളുടെ റേഷ്യോ കൃത്യമായും പാലിച്ച് ഉദ്യോഗക്കയറ്റം നൽകിയും ക്രമീകരിക്കുക.

(ii) വിശേഷാൽ ചട്ടത്തിനനുസൃതമായി പ്രൊമോഷൻ നൽകിക്കഴിഞ്ഞ ജീവനക്കാർ അവരുടെ ആദ്യ ചാനലിലേയ്ക്ക് മടങ്ങിപ്പോകുവാൻ താൽപര്യപ്പെടുന്ന പക്ഷം മാത്രമേ (വിശേഷാൽ ചട്ടങ്ങളിൽ ഓപ്ഷൻ വാങ്ങണമെന്ന് വ്യക്തമായി സൂചിപ്പിക്കപ്പെട്ട തസ്തികകൾ ഒഴികെ) വിശേഷാൽ ചട്ടത്തിലെ ചട്ടം 13 പ്രകാരം ഓപ്ഷന് അവസരം നൽകേണ്ടതുള്ളു. ആയതിനാൽ പ്രസ്തുത ചട്ടം തെറ്റായി വ്യാഖ്യാനിച്ച് പ്രൊമോഷൻ ലഭിച്ചവർക്കെതിരെ അവരുടെ ഓപ്ഷൻ ലഭിച്ചില്ല എന്ന സ്ഥിതിയിൽ നടപടികളെടുക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ ശ്രീമതി.ചിത്ര.എം.എസ്, ശ്രീമതി.വാസന്തി അമ്മാൾ എന്നിവരെ 2.8.2011ലെ E7-42016/2010 നടപടിക്രമം പ്രകാരം ഉദ്യോഗക്കറ്റം നൽകിയ തസ്തികയിൽ റഗുലറൈസ് ചെയ്യേണ്ടതും തുടർന്നുള്ള ചാനലിൽ ക്രമപ്രകാരം ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കേണ്ടതുമാണ്."

3. പരാമർശം (8)ലെ വിധിന്യായം ഹർജിയിലെ രണ്ടാം എതിർകക്ഷിയും നിയമനാധികാരിയുമായ സാമൂഹ്യനീതി ഡയറക്ടർ പരിശോധിക്കുകയുണ്ടായി. മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയും കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയും ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ പ്രകാരം പരസ്പരം മാറ്റാവുന്നതല്ല എന്നിരിക്കെ, വകുപ്പിൽ പരാമർശം

(1)ലെ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010ന് ശേഷം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ KS & SSR ചട്ടം 28 A (1) പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ചുവടെ ചേർക്കുന്ന ജീവനക്കാർ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ പരാമർശം (3), (4), (5) പ്രകാരം സേവനമനുഷ്ഠിച്ചുവരുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു. ഇത് വിശേഷാൽ ചട്ടപ്രകാരം അനുവദനീയമല്ലാത്തതും കാറ്റഗറി 12ലെ ഇതര ഫീഡർ വിഭാഗം ജീവനക്കാരുടെ ഉദ്യോഗക്കയറ്റ സാധ്യതകൾ താൽക്കാലികമായി നിഷേധിക്കപ്പെടുന്നതിന് അവസരമൊരുക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ പരാമർശം (6) പ്രകാരം ശ്രീ.ചന്ദ്രൻ കന്നാലിയിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA.No.(EKM)4/2013 dt: 19.2.2013ലെ വിധിന്യായ പ്രകാരം സർക്കാർ പുറപ്പെടുവിച്ച പരാമർശം (7)ലെ ഉത്തരവിൽ 10.8.2010ന് ശേഷം വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 12ലേക്ക് നടത്തിയ ഉദ്യോഗക്കയറ്റങ്ങൾ ചട്ടങ്ങൾക്കനുസൃതമായി പുന:പരിശോധിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരുടെ പേരും റെഗുലർ പ്രൊമോഷൻ തസ്തികയും | ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച നിയമനാധികാരിയുടെ ഉത്തരവും തീയതിയും | ഇപ്പോൾ താൽക്കാലിക സേവനമനുഷ്ഠിക്കുന്ന തസ്തികയും കാര്യാലയവും. |
|---|---|---|---|
| 1. | ശ്രീമതി.പി.എൻ.രാജലക്ഷ്മി ഹെഡ് അക്കൗണ്ടന്റ് | E7-42016/2010 dt.9.9.2010. | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III മഹിളാമന്ദിരം, പത്തനംതിട്ട. (E7-20341/2012 dt.29.6.2012) |
| 2. | ശ്രീമതി.കെ.രാജാമണി ഹെഡ് അക്കൗണ്ടന്റ് | E7-42016/2010 dt.21.2.2011. | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III ഷോർട്ട് സ്റ്റേ ഹോം, കോഴിക്കോട്. (E7-20341/2012 dt.29.6.2012) |
| 3. | ശ്രീമതി.പി.പ്രസീത ഹെഡ് അക്കൗണ്ടന്റ് | E7-42016/2010 dt.21.2.2011. | ക്ഷമസ്ഥാപന സൂപ്രണ്ട് Gr.III മഹിളാമന്ദിരം, കോഴിക്കോട്. (E7-20341/2012 dt.29.6.2012) |
| 4. | ശ്രീമതി.ആർ.വിജയലക്ഷ്മി ഹെഡ് അക്കൗണ്ടന്റ് | E7-39000/2012 Dt. 12.12.2012 | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III മഹിളാമന്ദിരം, പാലക്കാട്. (E7-39000/2012 Dt. 12.12.2012) |
| 5. | ശ്രീമതി.ആർ.വിലാസിനി ഹെഡ് അക്കൗണ്ടന്റ് | E7-39000/2012 Dt. 12.12.2012 | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III മഹിളാമന്ദിരം, കോട്ടയം (E7-39000/2012 Dt. 12.12.2012) |
| 6. | ശ്രീമതി.കെ.സാവിത്രി ഹെഡ് അക്കൗണ്ടന്റ് | E7-39000/2012 Dt. 12.12.2012 | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III മഹിളാമന്ദിരം, തലശ്ശേരി (E7-39000/2012 Dt. 12.12.2012) |

| | | | |
|---|---|---|---|
| 7. | ശ്രീമതി.എം.വി.സ്മിത<br>ഹെഡ് അക്കൗണ്ടന്റ് | E7-39000/2012<br>Dt. 12.12.2012 | ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.III<br>മഹിളാമന്ദിരം,<br>എറണാകുളം<br>(E7-39000/2012<br>Dt. 12.12.2012) |

4. KS & SS Rule 28 (A) (1) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ റെഗുലർ പ്രൊമോഷൻ ലഭിക്കുകയും തുടർന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ ഭരണപരമായ സൗകര്യാർത്ഥം നിയമിക്കപ്പെടുകയും ചെയ്തിരുന്ന ശ്രീമതി.എം.എസ്.ചിത്ര, ശ്രീമതി.വാസന്തി അമ്മാൾ എന്നീ ജീവനക്കാർ തങ്ങളെ പരാമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം കാറ്റഗറി 12ൽ ഉൾപ്പെടുന്ന സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് III തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം റെഗുലറൈസ് ചെയ്ത് സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II, സൂപ്രണ്ട് ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I എന്നീ ഉയർന്ന തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്തിരുന്ന OA No.2277/2012-ൻമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 30.10.2013ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ Annexure A18 ആയി ഹർജിക്കാർ ഹാജരാക്കിയ പരാമർശം (8)ലെ സർക്കാർ സ്പഷ്ടീകരണം പ്രാവർത്തികമാക്കണമെന്ന നിർദ്ദേശം സാമൂഹ്യനീതി ഡയറക്ടർക്ക് നൽകുകയുണ്ടായി. നിയമനാധികാരികൂടിയായ സാമൂഹ്യനീതി ഡയറക്ടർ ഹർജിക്കാരുടെ ആവശ്യം പരാമർശം (8) ലെ സർക്കാർ നിർദ്ദേശാനുസരണം പരിശോധിക്കുകയും ടിയാളുകൾ KS&SSR Rule 28 A (i) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കാണ് റെഗുലർ പ്രൊമോഷൻ മുഖേന ഉദ്യോഗക്കയറ്റം നൽകപ്പെട്ടിട്ടുള്ളതെന്ന വസ്തുതയും ഹെഡ് അക്കൗണ്ടന്റ് തസ്തികയും ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III തസ്തിയിലും വിശേഷാൽ ചട്ടങ്ങൾ പ്രകാരം പരസ്പരം മാറ്റാവുന്നതല്ലെന്ന വസ്തുതയും പരിഗണിച്ച് ഹർജിക്കാരായ രണ്ടുപേരെയും ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ റെഗുലറൈസ് ചെയ്ത് പരാമർശം (11) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. പ്രസ്തുത പരാമർശം (11)ലെ ഉത്തരവിനും, ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളും പരാമർശിത ഉത്തരവുകളും പരിശോധിച്ചതിൽ മുകളിൽ പറഞ്ഞ ഏഴ് ജീവനക്കാർക്കും KS&SSR Rule 28 A(i) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കാണ് ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ളതെന്നും, അപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചവരെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലേക്ക് ഭരണപരമായ സൗകര്യാർത്ഥമാണെങ്കിൽ പോലും മാറ്റിനിയമിച്ചത് വിശേഷാൽ ചട്ടങ്ങൾക്കെതിരാണെന്നും പ്രസ്തുത നടപടി കാറ്റഗറി 12-ൽ ഉൾപ്പെടുന്ന ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ മിനിസ്റ്റീരിയൽ വിഭാഗമല്ലാത്ത ഇതര വിഭാഗം ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ ഉദ്യോഗക്കയറ്റ സാധ്യതയ്ക്ക് കുറവ് സംഭവിച്ചിട്ടുണ്ടെന്നും ബോധ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (6), (10) പ്രകാരമുള്ള വിധിന്യായത്തിന്റെയും പരാമർശം (7) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും പരാമർശം (8) പ്രകാരമുള്ള സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ മുകളിൽ പ്രസ്താവിച്ച 7 ജീവനക്കാരെയും ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് III തസ്തികയുടെ താൽക്കാലിക ചുമതലയിൽ നിന്നും ഒഴിവാക്കി റെഗുലർ പ്രൊമോഷൻ നൽകപ്പെട്ടിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലനിർത്തി ചുവടെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന തസ്തികയും | ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ മാറ്റി നിയമിക്കുന്ന കാര്യാലയം | വിടുതൽ ചെയ്യുന്നതിന് അധിക ചുമതല നൽകുന്ന ജീവനക്കാരി |
|---|---|---|---|
| 1. | ശ്രീമതി.പി.എൻ.രാജലക്ഷ്മി<br>സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം, പത്തനംതിട്ട. | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്, ചവറ. | ശ്രീമതി.ഉഷാദേവി.ജി<br>സൂപ്പർവൈസർ<br>ICDS ഇലന്തൂർ |
| 2. | ശ്രീമതി.കെ.രാജാമണി<br>സൂപ്രണ്ട് ഗ്രേഡ് III<br>ഷോർട്ട് സ്റ്റേ ഹോം,<br>കോഴിക്കോട്. | ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോഴിക്കോട് | ശ്രീമതി.മുനീറ<br>കെയർടേക്കർ<br>ഒബ്സർവേഷൻ ഹോം<br>(ഗേൾസ്) കോഴിക്കോട്. |
| 3. | ശ്രീമതി.പി.പ്രസീത<br>സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം, കോഴിക്കോട്. | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്, തുണേരി | ശ്രീമതി.സെൽമ പി.സി<br>കെയർടേക്കർ<br>ചിൽഡ്രൻസ് ഹോം<br>(ഗേൾസ്) കോഴിക്കോട് |
| 4. | ശ്രീമതി.ആർ.വിജയലക്ഷ്മി<br>സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം, പാലക്കാട്. | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്,<br>പുഴയ്ക്കൽ | ശ്രീമതി.രേണുകദാസ്<br>യു.ഡി.ക്ലാർക്ക്<br>ICDS പാലക്കാട് അഡീ. |
| 5. | ശ്രീമതി.ആർ.വിലാസിനി<br>സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം, കോട്ടയം | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്, പള്ളം. | ശ്രീമതി.അംബിക.എൽ<br>സൂപ്പർവൈസർ<br>ICDS ഉഴവൂർ |
| 6. | ശ്രീമതി.കെ.സാവിത്രി<br>സൂപ്രണ്ട് ഗ്രേഡ് III<br>കണ്ണൂർ. | ഹെഡ് അക്കൗണ്ടന്റ്<br>പ്രോഗ്രാം ഓഫീസ്,<br>കാസർഗോഡ് | ശ്രീമതി.എം.സി.മോളി<br>യു.ഡി.ക്ലാർക്ക്<br>ICDS കണ്ണൂർ റൂറൽ |
| 7. | ശ്രീമതി.എം.വി.സ്മിത<br>സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം, എറണാകുളം. | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്,<br>വടവുകോട്. | ശ്രീമതി. പ്രസന്ന.എസ്<br>സൂപ്പർവൈസർ<br>ICDS മുളന്തുരുത്തി<br>അഡീഷണൽ |

6. മേൽ ഉത്തരവ് നടപ്പിലാക്കുന്നതിന് 7 ഹെഡ് അക്കൗണ്ടന്റ് തസ്തികകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ ജൂനിയറായ ചുവടെ ചേർക്കുന്ന ഏഴ് ജീവനക്കാരെ പ്രസ്തുത തസ്തികയിൽ നിന്ന് റിവർട്ട് ചെയ്ത് യു.ഡി.ക്ലാർക്ക് തസ്തികയിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ വരുത്തേണ്ടതാണ്.

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന തസ്തികയും | റിവർഷൻ മേഖന നിയമിക്കുന്ന തസ്തികയും കാര്യാലയം |
|---|---|---|
| 1. | ശ്രീ.യുസഫ്കുഞ്ഞ്<br>ഹെഡ് അക്കൗണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, കൊല്ലം | യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2. | ശ്രീമതി.ശ്രീജാചന്ദ്രൻ<br>ഹെഡ് അക്കൗണ്ടന്റ്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 3. | ശ്രീമതി.ടി.ചിത്ര<br>ഹെഡ് അക്കൗണ്ടന്റ്<br>ICDS തിരുവനന്തപുരം Ur.I | യു.ഡി.ക്ലാർക്ക്<br>ICDS തിരുവനന്തപുരം Ur.I |

| | | |
|---|---|---|
| 4. | ശ്രീമതി.എം.വി.സ്മിത<br>ഹെഡ് അക്കൗണ്ടന്റ്<br>ICDS വടവുകോട്. | യു.ഡി.ക്ലാർക്ക്<br>ICDS ആലങ്ങാട്. |
| 5. | ശ്രീ.എം.എൻ.ദീപു<br>ഹെഡ് അക്കൗണ്ടന്റ്<br>ICDS ളാലം. | യു.ഡി.ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, കോട്ടയം. |
| 6. | ശ്രീമതി.ടി.ശശികല,<br>ഹെഡ് അക്കൗണ്ടന്റ്,<br>ICDS തൂണേരി | യു.ഡി.ക്ലാർക്ക്<br>ICDS കൊടുവള്ളി. |
| 7. | ശ്രീമതി.ഗീതാകുമാരി.പി<br>ഹെഡ് അക്കൗണ്ടന്റ്<br>RAD, തിരുവനന്തപുരം | യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്. |

7. ഇപ്രകാരം ഒഴിവുണ്ടായ 7 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിലുള്ള ഒഴിവുകൾ പരാമർശം (1)ലെ വിശേഷാൽ ചട്ടം 3(12) പ്രകാരം ഫീഡർ കാറ്റഗറിയിൽപ്പെട്ട Item No.1, Item No.3, Item No.4 എന്നീ വിഭാഗത്തിലുള്ള ജീവനക്കാർക്ക് 1:1:2 എന്ന അനുപാതത്തിൽ Item No.2 ഒഴികെ അനുവദിച്ച് പരാമർശം (10) പ്രകാരമുള്ള കോടതിവിധി നടപ്പാക്കി പ്രത്യേകം പിന്നാലെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

8. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.1969/2012ന് മേൽ പുറപ്പെടുവിച്ച 26.9.2013-ലെ വിധിന്യായം ഇപ്രകാരം ഭാഗികമായി നടപ്പിലാക്കി ഉത്തരവാകുന്നു.

ഒപ്പ്
**സാമൂഹ്യനീതി ഡയറക്ടർ**

**ബന്ധപ്പെട്ട ജീവനക്കാർക്ക്.**

പകർപ്പ്:-

1. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ഉ.പ. സഹിതം)
2. RAD, തിരുവനന്തപുരം.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്.
5. സൂപ്രണ്ട് ബിൽ സെക്ഷൻ, സാമൂഹ്യനീതി ഡയറക്ടറേറ്റ്.
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

N. Radhakrishnan
സൂപ്രണ്ട്.

DB/2013